ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കാമെന്ന നിബന്ധനയിലാണ് സർക്കാർ ഐ.ടി.ഐ.-കൾ അനുവദിച്ചിട്ടുള്ളത്. മേൽ പ്രസ്താവിച്ച ഐ.ടി.ഐ.-കൾക്ക് സ്ഥലം ലഭ്യമാക്കാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

(ഡി) "പൊതു സ്വകാര്യ പങ്കാളിത്തത്തോടെ 1396 ഗവൺമെന്റ് ഐ.ടി.ഐ.- കളുടെ നിലവാരമുയർത്തൽ" പദ്ധതി അനുസരിച്ച് അരീക്കോട് ഐ.ടി.ഐ.-യ്ക്ക് 2009-10 സാമ്പത്തിക വർഷം 2.5 കോടി രൂപ പലിശരഹിത വായ്പയായി കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് സ്ഥാപനത്തിന്റെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചു വരുന്നു. അരീക്കോട് ഐ.ടി.ഐ.-യിലെ ഭൗതീക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷം ഐ.ടി.ഐ.-യിലെ ഇക്വിഫിക്കേഷൻ വർക്കുകൾക്കായി 7068799 രൂപ അനുവദിച്ചിരുന്നു. പ്രസ്തുത ഐ.ടി.ഐ.-യിൽ പി.പി.പി. സ്കീമിൽ ജനറൽ കാർപെന്റർ, പ്ലംബർ, റഫ്രിജറേഷൻ & എയർകണ്ടീഷണിംഗ് എന്നീ മൂന്ന് ട്രേഡുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.

**ഐ.ടി.ഐ.-കളിലെ തസ്തികകൾ**

183 (T660) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 അദ്ധ്യയന വർഷം സംസ്ഥാനത്ത് പുതുതായി എത്ര ഐ.ടി.ഐ.-കൾ ആരംഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഐ.ടി.ഐ.-കളിൽ നാളിതുവരെ തസ്തിക സൃഷ്ടിക്കാത്തവ എത്ര; വിശദാംശം നൽകാമോ;

(സി) തസ്തിക സൃഷ്ടിക്കാത്ത ഐ.ടി.ഐ.-കളിൽ നിലവിൽ എന്ത് സംവിധാനമാണ് നടപ്പാക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ; അതിന്റെ പ്രായോഗിക വിഷമതകളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(ഡി) നരിപ്പറ്റ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ നിലവിൽ 50 കിലോമീറ്റർ അകലെയുള്ള കൊയിലാണ്ടി ഐ.ടി.ഐ.-യിലെ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് ദൈനംദിന ഭരണ സംവിധാനം നടത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ സാങ്കേതിക വിദ്യാഭ്യാസരംഗത്തുള്ള വിഷമതകൾ നീക്കം ചെയ്യുന്നതിന് പ്രസ്തുത ഐ.ടി.ഐ.-കളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2015-16 അധ്യയന വർഷം കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ്, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാംപാറ, എലപ്പുള്ളിശ്ശേരി, കോഴിക്കോട് ജില്ലയിലെ കൊടുവള്ളി, നരിപ്പറ്റ എന്നിവിടങ്ങളിലായി 5 ഐ.ടി.ഐ.കൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കൊഴിഞ്ഞാംപാറ, എലപ്പുള്ളിശ്ശേരി, കൊടുവള്ളി, നരിപ്പറ്റ എന്നീ 4 ഐ.ടി.ഐ കളിൽ തസ്തിക സൃഷ്ടിച്ചിട്ടില്ല.

(സി) ഐ.ടി.ഐ. പ്രവർത്തിക്കുന്ന ജില്ലയിലെ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് സേവനക്രമീകരണ വ്യവസ്ഥയിൽ ഇൻസ്ട്രക്ടർമാരെ നിയോഗിച്ചാണ് ടി ഐ.ടി.ഐ.-കളിൽ പരിശീലനം നൽകിവരുന്നത്.

മറ്റ് സ്ഥാപനങ്ങളിൽ നിന്ന് സേവനക്രമീകരണ വ്യവസ്ഥയിൽ ഇൻസ്ട്രക്ടർമാരെ നിയോഗിക്കുമ്പോൾ പ്രസ്തുത സ്ഥാപനത്തിലെ ട്രെയിനിംഗിന് ബുദ്ധിമുട്ട് നേരിടാറുണ്ട്. ആയതിന് പരിഹാരം കാണുന്നതിനായി പ്രവർത്തനം ആരംഭിച്ച എല്ലാ ഐ.ടി.ഐ.-കളിലും ആവശ്യം വേണ്ട തസ്തിക അനുവദിക്കുന്നത് പരിശോധിച്ചുവരുന്നു.

(ഡി) ഉണ്ട്

(ഇ) ഭരണാനുമതി ലഭിച്ച എല്ലാ ഐ.ടി.ഐ.-കളിലും ആവശ്യം വേണ്ട തസ്തിക അനുവദിക്കുന്നത് പരിശോധിച്ചുവരുന്നു.

**ശരണ്യ തൊഴിൽ പദ്ധതി**

184(661) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ശരണ്യ തൊഴിൽ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, യോഗ്യത, മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;